**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1310** **08-12-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ വടക്കുമ്പാട് വഞ്ചിപ്പാറ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ വടക്കുമ്പാട് വഞ്ചിപ്പാറ റോഡ് നിർമ്മാണ പ്രവൃത്തി കരാറുകാരന്റെ അനാസ്ഥ കാരണം മുടങ്ങിക്കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | റോഡ് നിർമ്മാണ പ്രവൃത്തി ബോധപൂർവ്വം തടസ്സപ്പെടുത്തുന്ന കരാറുകാരുടെ പേരിൽ എന്ത് നടപടിയാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | (ബി) | റോഡ് നിർമ്മാണ പ്രവൃത്തി ബോധപൂർവ്വം തടസ്സപ്പെടുത്തുന്ന കരാറുകാരനെ നഷ്ടോത്തരവാദിത്വവും ബാധ്യതയും ചാർത്തി പ്രവൃത്തിയിൽ നിന്നും വിടുതൽ ചെയ്യാറുണ്ട്. കാലതാമസം വരുത്തിയ കാലയളവിലേക്ക് പിഴ ഈടാക്കുന്ന നടപടിയും സ്വീകരിച്ചുവരുന്നു. |
| (സി) | ഒന്നിലധികം തവണ ടെൻഡർ ചെയ്തിട്ടും പ്രവൃത്തി നടത്താൻ കഴിയാത്ത വടക്കുമ്പാട് വഞ്ചിപ്പാറ റോഡിന്റെ പ്രവൃത്തി ഏതെങ്കിലും അക്രഡിറ്റഡ് ഏജൻസിക്ക് നൽകി പൂർത്തിയാക്കാൻ നടപടി കൈക്കൊള്ളുമോ? | (സി) | ഇത്തരം പ്രവൃത്തികളുടെ റീടെണ്ടറിൽ അക്രഡിറ്റഡ് ഏജൻസികൾ നിർബന്ധമായും പങ്കെടുക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ